പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5052 — 04.07.2012 ൽ മറുപടിക്ക്

## ക്രിമിനലുകളായ പോലീസുകാരുടെ പട്ടിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ<br>,, എളമരം കരീം<br>,, കെ. കെ. നാരായണൻ<br>,, എസ്.രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസിലെ ക്രിമിനലുകളെ സംബന്ധിച്ച് ആലോചിക്കാൻ പോലീസ് ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചു ചേർക്കുകയുണ്ടായോ;<br><br>(ബി) യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയുണ്ടായി; | (എ) യും (ബി) യും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ മാസം തോറും നടക്കാറുള്ള യോഗത്തിൽ പ്രസ്തുത കാര്യം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ കേസുകൾ പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകളെ പ്രത്യേക അന്വേഷണ റിപ്പോർട്ട് ആവശ്യമുള്ള കേസുകളായി പരിഗണിച്ച് കൊണ്ട് ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ സി.ഐ. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുന്നതിനും സി.ഐ. മുതൽ മുകളിലോട്ട് റാങ്കുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ അന്വേഷണം സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥൻ അന്വേഷിക്കുന്നതിനും, പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ എഫ്. ഐ.ആറിന്റെ പകർപ്പുകൾ പരിശോധിച്ച് കേസുകളുടെ വിശദാംശം അടങ്ങുന്ന ഒരു രജിസ്റ്റർ പോലീസ് ആസ്ഥാനത്ത് തയ്യാറാക്കി സൂക്ഷിക്കുന്നതിനും പ്രസ്തുത രജിസ്റ്ററും എഫ്.ഐ.ആറുകളും പരിശോധിച്ച് ഗുരുതരമായ കുറ്റകൃത്യം ചെയ്തവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമുൾപ്പെടെ |

| | |
|---|---|
| | യുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനമായിട്ടുണ്ട്. |
| (സി) ക്രിമിനലുകളായ പോലീസുകാരുടെ പട്ടികയിൽ നിന്നും ആരെയെല്ലാമാണ് ഒഴിവാക്കിയിരുന്നത്; ഒഴിവാക്കപ്പെട്ടവരെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായോ; | (സി) ആരെയും ഒഴിവാക്കിയിട്ടില്ല. |
| (ഡി) ഹൈക്കോടതി മുമ്പാകെ സർക്കാർ സമർപ്പിച്ച ലിസ്റ്റിലെ പോലീസുകാരിൽ എത്രപേർ ഇപ്പോൾ സർവ്വീസിലുണ്ട്; വകുപ്പുതല നടപടികൾ മാത്രം സ്വീകരിക്കപ്പെട്ടവരെത്ര; ലിസ്റ്റിൽ ഉൾപ്പെട്ടവരെല്ലാം ക്രിമിനലുകളാണോ; | (ഡി) ഹൈക്കോടതിയിൽ സമർപ്പിച്ച ലിസ്റ്റിലെ 13 പേരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും 122 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച പ്രസ്തുത ലിസ്റ്റിലെ 470 പേർ ഇപ്പോൾ സർവ്വീസിൽ ഉണ്ട്. (26.06.2012 ലെ വിവരമനുസരിച്ച്). ട്രാഫിക് കേസുകൾ, കുടുംബവഴക്കുകൾ, വഴി തർക്കം, അതിരുതർക്കം തുടങ്ങിയ വിവിധ കേസുകളിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ലിസ്റ്റാണ് ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചത്. ആയതിനാൽ ലിസ്റ്റിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെല്ലാം ക്രിമിനലുകളാണെന്ന് അർത്ഥമില്ല. |
| (ഇ) ലിസ്റ്റിൽ ഉൾപ്പെട്ടവരെകുറിച്ച് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ഉണ്ടായിരുന്നുവോ; വ്യക്തമാക്കാമോ? | (ഇ) 23.03.2012 ന് പുറപ്പെടുവിച്ച ബഹു. ഹൈക്കോടതി ഉത്തരവിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ട്രെയിനികളായ പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനിംഗിൽ നിന്ന് മാറ്റി നിർത്തുവാനും അവർ പ്രതികളായ കേസുകൾ Acquitted ആകുകയും ഇത് സംബന്ധിച്ച് ADGP Intelligence ന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ തുടർന്ന് ട്രെയിനിംഗിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ